**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** **24-02-2022 - ൽ മറുപടിയ്ക്ക്**

**വിഷബാധയേറ്റുള്ള മരണങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. മുരളി പെരുനെല്ലി** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ആവാസ വ്യവസ്ഥയിലുണ്ടായിട്ടുള്ള വ്യതിയാനത്തിന്റെ ഭാഗമായി വന്യമൃഗങ്ങളോടൊപ്പം തന്നെ ഉരഗ ജീവികളും വാസസ്ഥലത്തു നിന്നും ജനവാസ മേഖലയിലേക്ക് എത്തുകയും അവയുടെ കടിയേൽക്കുന്നത് കാരണം വിഷം തീണ്ടുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായുമുള്ള കണക്കുകളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ഓരോ വർഷവും ചികിൽസ ആവശ്യമായ രീതിയിൽ മാരകമായ പാമ്പുകടിമൂലം വിഷബാധയേറ്റ് ആശുപത്രികളിൽ ചികിൽസ തേടുന്നവർ മൂവായിരത്തോളം ഉണ്ടെന്ന് പാമ്പുകടിയേറ്റ രോഗികളുടെ ചികിൽസ നടത്തുന്ന ഡോക്ടർമാർ വിലയിരുത്തുന്നു. 2017 മുതൽ 2019 വരെ മൂന്ന് വർഷങ്ങളിൽ സംസ്ഥാനത്ത് പാമ്പുകടിയേറ്റ് മരിച്ചവരുടെ എണ്ണം 334 ആണ്. വാർഷിക ശരാശരി 110. പാമ്പുകടിയേറ്റുള്ള മരണ സംഖ്യ 2020-ൽ 76-ഉം 2021-ൽ 40-ഉം ആണ്. മനുഷ്യ ജീവഹാനി കുറഞ്ഞു വരുന്നതായി മേൽ കണക്കുകളിൽ നിന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വിഷബാധയേറ്റുള്ള മരണങ്ങൾ ഒഴിവാക്കാൻ വനംവകുപ്പ് എന്തെല്ലാം മുൻകരുതൽ, ബോധവൽക്കരണ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (ബി) | ജനവാസ മേഖലയിൽ എത്തിപ്പെടുന്ന പാമ്പുകൾ മൂലം അപകടങ്ങൾ ഉണ്ടാകാവുന്ന സാഹചര്യങ്ങളിൽ ജനങ്ങളുടേയും പാമ്പുകളുടേയും സുരക്ഷ ഉറപ്പ വരുത്തുന്നതിനായി, അത്തരം പാമ്പുകളെ ശാസ്ത്രീയമായി പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ അംഗീകരിച്ച ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്താകെ വനംവകുപ്പ് ജീവനക്കാരും സന്നദ്ധ പ്രവർത്തകരുമടക്കം 1657 പേർക്ക് പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകി, അതിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 928 പേർക്ക് അംഗീകൃത പാമ്പുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. പാമ്പുകളുടെ റെസ്ക്യൂ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നതിനായി പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും, സന്നദ്ധ പ്രവർത്തകർക്കും ഉപയോഗിക്കാവുന്ന "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷൻ വനംവകുപ്പ് തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുവരുന്നു. ഓരോ ജില്ലയിലേയും റസ്ക്യൂ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അംഗീകൃത റസ്ക്യൂവർമാരും, ഉദ്യോഗസ്ഥരും ഉൾപ്പെട്ട വാട്സ്ആപ്പ് ഗ്രൂപ്പുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. റസ്ക്യൂ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയിലും ജില്ലാതല കോ-ഓഡിനേറ്റർമാരുണ്ട്. ട്രെയിനിംഗുകളും റസ്ക്യൂ പ്രവർത്തനങ്ങളും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പും "സർപ്പ" മൊബൈൽ ആപ്ലിക്കേഷനിലെ എൻട്രികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും പാമ്പുകളെ പിടികൂടുന്നതുമായി ബന്ധപ്പെട്ട നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സഗൗരവം കൈകാര്യം ചെയ്യുന്നതിനുമായി മേലുദ്യോഗസ്ഥർ ഉൾപ്പെട്ട മാസ്റ്റർ ട്രെയിനർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പുമുണ്ട്. പാമ്പുകളുടെ സംരക്ഷണവും ജനങ്ങളുടെ സുരക്ഷയും പ്രതിപാദിക്കുന്ന ചെറു ബോധവൽക്കരണ വീഡിയോകൾ തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, എൻ.ജി.ഒ കൾക്കുമായി ഓൺ ലൈൻ, ഓഫ്ലൈൻ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കോവിഡ് ലോക്ഡൗൺ കാലത്ത് അടച്ചിട്ടിരുന്ന സ്കൂളുകൾ ശുചീകരിക്കുന്നതിനായി 2021 ഒക്ടോബറിൽ റസ്ക്യൂ വോളന്റിയർമാരുടെ സാന്നിദ്ധ്യം എല്ലാ ജില്ലകളിലും ലഭ്യമാക്കുകയും, ശുചീകരണ വേളയിൽ അനവധി പാമ്പുകളെ സുരക്ഷിതമായി പിടികൂടി മാറ്റുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്കും അവരുടെ നിർബന്ധിത പരിശീലന വേളയിൽ തന്നെ പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ട്. |
| (സി) | വനം വകുപ്പിന്റെ കീഴിലുള്ള അരിപ്പ വനപരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പരിശീലന പരിപാടികളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; | (സി) | പാമ്പുകളെ ശാസ്ത്രീയമായി പിടികൂടുന്നതിനും ജനവാസമേഖലകളിൽ എത്തിപ്പെടുന്ന പാമ്പുകൾ മുഖേന ജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും വേണ്ട പരിശീലനം അരിപ്പ, വാളയാർ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ നടത്തി വരുന്നുണ്ട്. പാമ്പുകളെ പിടികൂടുമ്പോൾ പാലിക്കേണ്ട അംഗീകൃത ഗൈഡ് ലൈനിൽ നിഷ്കർഷിച്ച പ്രകാരമാണ് ഈ പരിശീലനം നൽകിവരുന്നത്. വനപരിശീലന കേന്ദ്രത്തിൽ എത്തുന്ന പരിശീലനാർത്ഥികളെ ഈ വിഷയത്തിൽ വൈദഗ്ധ്യം നേടിയ പരിശീലകരായി |

| | | | |
|---|---|---|---|
| | | | വളർത്തിയെടുക്കാൻ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | പ്രസ്തുത പരിശീലനം വനമേഖലയോട് ചേർന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൂടി നൽകിയാൽ കൂടുതൽ ഫലപ്രദമായിരിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | പാമ്പുകളെ കൈകാര്യം ചെയ്യാൻ പരിശീലനവും സർട്ടിഫിക്കേഷനും ലഭിച്ച അംഗീകൃത റെസ്ക്യൂവർമാരെ ഉപയോഗിച്ച് വനമേഖലയോട് ചേർന്ന സ്കൂളുകളിൽ ഓൺലൈൻ-ഓഫ് ലൈൻ സംവിധാനത്തിലൂടെ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്. പാമ്പുകളെ പിടികൂടുന്നതിനുള്ള പരിശീലനം സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്നത് നല്ലതല്ല. |
| (ഇ) | ഇത്തരം അപകടത്തിൽപെട്ട് മരിക്കാനിടയായവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ? | (ഇ) | 05.04.2018-ലെ സ.ഉ.(കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗവിഭാഗക്കാർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ